| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| സെക്രട്ടറി, തീരം | 118 | 3-3-2015 | 1,50,000 രൂപ (250 ച.മീ.) | 4250 |
| മുഹമ്മദ് അബ്ദുൾ റഹ്മാൻ | 119 | 16-3-2015 | 1,50,000 രൂപ | 4250 |
| വിശ്വേശ്വർ പണിക്കർ | 71,72, 73,74 | 20-3-2015 | 3,00,000 രൂപ | 9400 |
| കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 27, 28 | 24-10-2004 | 1,28,880 രൂപ (ഒരു മുറി 364 ച.മീ. വീതം) | 27825 |
| സെക്രട്ടറി സി.എം.പി. | ... | .... | 2,50,000 രൂപ(94 ച.മീ) | 4700 |

അപേക്ഷയിന്മേൽ അംഗീകാരം നൽകിയ തീയതി സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) 250 രൂപയുടെ മുദ്രപത്രം.

(എഫ്) 30-7-2005-ലെ 36276/ബി1/05/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവനുസരണം ഇ.എം.എസ്. സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിൽ 9-ാം ഖണ്ഡികയിൽ 250 രൂപ മുദ്രപത്രത്തിൽ കരാർ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇക നിശ്ചയിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് ശേഖരിച്ച് നൽകുന്നതാണ്.

(ജി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ നഗരസഭയുടെ റവന്യൂ വിഭാഗത്തിലാണ് നടക്കുന്നത്. ചുമതലപ്പെട്ടുത്തിയിരുന്ന ജീവനക്കാരുടെ വിവരങ്ങളും കൗൺസിൽ തീരുമാനത്തിന്റെയും മിനിറ്റ്സിന്റെയും വിവരങ്ങളും (പകർപ്പ് ഉൾപ്പെടെ) ശേഖരിച്ച് നൽകുന്നതാണ്.

## ക്ലീൻ കേരള കമ്പനി

101 (1572) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്പനിയുടെ പ്രവർത്തന ലക്ഷ്യം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും ശുചിത്വ ആരോഗ്യ രംഗത്ത് വിവിധ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് ഇതിന്റെ പ്രധാനലക്ഷ്യം. സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

**ആലപ്പുഴ നഗരസഭാ പ്രൈവറ്റ് ബസ് സ്റ്റാന്റിനോടനുബന്ധിച്ചുള്ള മുറികളുടെ ടെണ്ടർ നടപടികൾ**

102 (1573) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭാ പ്രൈവറ്റ് ബസ്സ് സ്റ്റാന്റിനോടനുബന്ധിച്ചുള്ള മുറികളുടെ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ടെണ്ടർ തുക എത്ര വീതമായിരുന്നു; തുക തീരുമാനിച്ചത് ആരാണ്; അതിന്റെ മാനദണ്ഡം എന്തായിരുന്നു;

(സി) ഇതേവരെ എത്ര മുറികൾ നൽകിയിട്ടുണ്ടെന്നും അത് ആർക്കെല്ലാമാണെന്നും അതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) കരാർ കാലാവധി, അഡ്വാൻസ് തുക, വാടക, കരാറുകാരുടെ പേരും മേൽവിലാസവും എന്നിവ ലഭ്യമാക്കുമോ?

ഉത്തരം

(എ) 18-4-2015-ലെ ആലപ്പുഴ നഗരസഭാ കൗൺസിൽ 22-ാം തീരുമാന പ്രകാരം പത്രം മുഖേന പരസ്യം നൽകി പൊതുലേലം നടത്തുകയും കൗൺസിൽ നിശ്ചയിച്ച ഡെപ്പോസിറ്റിലും ഒരു ചതുരശ്ര മീറ്ററിന് 25 രൂപ നിരക്കിൽ നിന്ന് ഏറ്റവും കൂടുതൽ നിരക്ക് നൽകുവാൻ തയ്യാറായ വ്യക്തികൾക്ക് മുറി അനുവദിച്ചു

(ബി) 16-4-2015-ലെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ ശിപാർശ പരിഗണിച്ച് 18-4-2015-ലെ കൗൺസിൽ 22-ാം നമ്പർ തീരുമാന പ്രകാരം ഒരു കടമുറിക്ക് ഡെപ്പോസിറ്റ് 10,00,000 (പത്തുലക്ഷം) രൂപയും ചതുരശ്ര മീറ്ററിന് 25 രൂപ വീതവും തുക നിശ്ചയിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly